## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2956   28.01.2014 -ലെ മറുപടിയ്ക്ക്

# മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നാനോ സയൻസ് ആന്റ് നാനോ മെറ്റീരിയൽസ് സെന്റർ

ചോദ്യം
ശ്രീ. വി.ശശി.

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ മെറ്റീരിയൽസ് സ്ഥാപിക്കുന്നതിനായി 2013-14 ബഡ്ജറ്റിൽ എത്ര രൂപ വകകൊള്ളിച്ചുവെന്ന് വ്യക്തമാക്കാമോ ; | (എ) | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ മെറ്റീരിയൽസ് ഉൾപ്പെടെ കേരള, കുസാറ്റ്, കാലിക്കറ്റ്, കണ്ണൂർ, സർവ്വകലാശാലകളിൽ ഇന്റർ നാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന് 10 കോടി രൂപ അനുവദിക്കുമെന്ന് 2013-14 ലെ ബജറ്റ് പ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നു. എം.ജി സർവ്വകലാശാല സെന്ററിനായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തേയും ഇന്ത്യയിലേയും വിദേശത്തെയും ഏതെല്ലാം സർവ്വകലാശാലകളുമായി ബന്ധപ്പെടുത്തിയാണ് ഈ പരിപാടി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) & (സി) | സർവ്വകലാശാലയാണ് ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിയാണ് ഈ പരിപാടി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | 31.12.2013 വരെ ഈ പരിപാടിക്കായി എന്ത് തുക ചെലവഴിച്ചുവെന്നും ഏതെല്ലാം കാര്യങ്ങൾക്കാണ് തുക ചെലവാക്കിയതെന്നും വിശദീകരിക്കാമോ ? | (ഡി) | 30.12.2013 ലെ ഉത്തരവ് മുഖേന തുക അനുവദിച്ചിട്ടേയുള്ളൂ. |

സെക്ഷൻ ഓഫീസർ